**SSE 08**

# SECOND YEAR HIGHER SECONDARY SECOND TERMINAL EVALUATION, DECEMBER 2018

## PART – II

## MALAYALAM

Maximum : 80 Scores

Time : 2½ Hours

Cool-off Time : 15 Minutes

---

**പൊതുനിർദ്ദേശങ്ങൾ :**

- ഉത്തരങ്ങൾ എഴുതുന്നതിന് മുൻപായി ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കേണ്ടതാണ്.
- നിർദ്ദിഷ്ട 2½ മണിക്കൂർ സമയത്തിന് പുറമേ 15 മിനിറ്റ് അധികസമയം ഉണ്ടായിരിക്കും.
- എല്ലാ വിഭാഗത്തിലും നിർദ്ദേശിച്ചിട്ടുള്ള എണ്ണം ചോദ്യങ്ങൾക്കുമാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

**Score**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക. സ്കോർ 2 വീതം.** **(4×2=8)**

1. "സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
ക്രുദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കേണം." – ഇവിടെ ശകുന്തള ദുഷ്യന്തന്റെ സ്വഭാവത്തിൽ ആരോപിക്കുന്ന ദോഷത്തിന്റെ സൂചനയുള്ള പ്രസ്താവന എടുത്തെഴുതുക.
   - ദുഷ്യന്തൻ സത്യത്തെയും ധർമ്മത്തെയും മുറുകെ പിടിയ്ക്കുന്നയാളാണ്.
   - സത്യവും ധർമ്മവും വെടിഞ്ഞയാളാണ് ദുഷ്യന്തൻ.
   - ധർമ്മത്തിന്റെ പാതയിൽ മാത്രം സഞ്ചരിക്കുന്നയാളാണ്.
   - ദുഷ്യന്തനെ ക്രുദ്ധനായ സർപ്പത്തെക്കാളും ഏറെ പേടിക്കേണം.

2. "വേട്ടക്കാരവരുടെ കൈയ്യുകൾ
വെട്ടും ഞാൻ കൽമഴുവോങ്ങി" – ഈ വരികൾക്ക് അനുയോജ്യമായ പ്രസ്താവനകൾ കണ്ടെത്തി എഴുതുക.
   - കാട്ടാളന്റെ നഷ്ടപ്പെട്ട ജീവിതത്തെക്കുറിച്ചുള്ള വെറുപ്പ്
   - കാട്ടാളന്റെ അടങ്ങാത്ത രോഷം
   - കാട്ടാളന്റെ ക്രൂരസ്വഭാവം
   - തന്റെ ജീവിതം, ആവാസവ്യവസ്ഥ എന്നിവ തകർത്തവരോടുള്ള പക

Score

3. തനതു നാടകത്തിന്റെ സവിശേഷതകളായി ചൂണ്ടിക്കാട്ടാൻ കഴിയുന്ന രണ്ടെണ്ണം തെരഞ്ഞെടുത്തെഴുതുക.

- സ്റ്റേജിൽ മാത്രം അവതരിപ്പിക്കുന്നു.
- തുറന്ന രംഗവേദിയും ഉപയോഗിക്കുന്നു.
- പാരമ്പര്യകലകളെ ഉൾക്കൊള്ളുന്നു.
- സമകാലിക ജീവിതസമസ്യകൾ തമസ്ക്കരിക്കുന്നു.

4. ''പ്രകാശം ജലം പോലെയാണ് ....... ഞാൻ പറഞ്ഞു.
''ടാപ്പ് തുറന്നാൽ മതി കുതിച്ചൊഴുകും'' – കഥാകൃത്തിന്റെ ഈ വാക്കുകൾ കഥാഗതിയിൽ വരുത്തിയ മാറ്റം എന്ത് ?

5. താഴെ തന്നിരിക്കുന്ന വാക്യത്തിന് അനുയോജ്യമായ പ്രസ്താവനകൾ തെരഞ്ഞെടുത്തെഴുതുക.
**വാക്യം** – യുവതിയുടെ കണ്ണുകളിൽ ആരുടെ ഹൃദയത്തെയും ഈർന്നു മുറിക്കുന്ന ശൂന്യത കണ്ട് ആൺ ഗൗളി അസ്വസ്ഥനായി.

**സൂചനകൾ** :

1) ആൺ ഗൗളി, ആരുടെ ഹൃദയത്തെയും ഈർന്നുമുറിക്കുന്ന ശൂന്യത യുവതിയുടെ കണ്ണുകളിൽ കണ്ട് അസ്വസ്ഥനായി.
2) യുവതിയുടെ ആരുടെ ഹൃദയത്തെയും ശൂന്യത ഈർന്നു മുറിക്കുന്ന കണ്ണിൽ കണ്ട് ആൺ ഗൗളി അസ്വസ്ഥനായി.
3) ആരുടെ ഹൃദയത്തെയും ഈർന്നു മുറിക്കുന്ന ശൂന്യത യുവതിയുടെ കണ്ണുകളിൽ കണ്ട് ആൺ ഗൗളി അസ്വസ്ഥനായി.
4) ശൂന്യത ഈർന്നു മുറിക്കുന്നത് യുവതിയുടെ കണ്ണുകളിൽ കണ്ട് ആൺ ഗൗളി അസ്വസ്ഥനായി.

**6 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരം എഴുതുക.**
**സ്കോർ 4 വീതം.** **(6×4=24)**

6. 'ഇപ്പോഴത്തെ മനുഷ്യർ തലച്ചോറിനാണ് മുൻതൂക്കം നൽകുന്നത്. ഹൃദയത്തിനല്ല' – ഈ അഭിപ്രായം വിലയിരുത്തി പ്രതികരണം തയ്യാറാക്കുക.

7. '' പിറവിലുള്ളൊരു ജാതകദോഷം
കുറയല്ലതുകൊണ്ടിങ്ങനെ നമ്മെ
കുറവു പറഞ്ഞു നശിപ്പിക്കുന്നു
കുറവറ്റീടിന മുനി കുലനാഥൻ'' – ശീലാവതിയുടെ ഈ പരിഭവത്തിന് അടിസ്ഥാനമെന്താണ് ?
വ്യക്തമാക്കുക.

8. അയ്യപ്പപ്പണിക്കരുടെ 'മോഷണം' എന്ന കവിത ചൊല്ക്കാഴ്ചയായി അവതരിപ്പിക്കുന്നതിന് മുന്നോടിയായി ഒരു ആമുഖപ്രസംഗം തയ്യാറാക്കുക.

9. കാക്കാരശ്ശി നാടകത്തിന്റെ പ്രധാന സവിശേഷതകൾ എന്താണ് എന്ന് എഴുതുക.

10. ബാഹുക വേഷത്തിൽ വന്നത് നളൻതന്നെയാണ് എന്നതിന് കേശിനി നിരത്തുന്ന തെളിവുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുക.

Score

11. "മലതീണ്ടിയശുദ്ധം ചെയ്യവർ –
തലയില്ലാതൊഴുകണ മാറ്റിൽ" – ഇത്തരം ഹിംസാത്മകമായ നിലപാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?

12. "മാപ്പിളപ്പാട്ട് രചയിതാക്കൾക്കിടയിൽ ഏറെ ജനപ്രീതി നേടിയ പുലിക്കോട്ടിൽ ഹൈദർ ശ്രദ്ധേയനായത് കേരളീയതയ്ക്ക് നൽകിയ സ്ഥാനം കൊണ്ടാണ് " – ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന വസ്തുതകൾ പാഠഭാഗത്തു നിന്നും കണ്ടെത്തിയെഴുതുക.

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. സ്കോർ 6 വീതം. (4×6=24)**

13. "മാവുകൾ പൂക്കും മാനത്തമ്പിളി വികസിക്കും
മാനുഷർ പരസ്പരം സ്നേഹിക്കും വിഹരിക്കും"
(ഊഞ്ഞാലിൽ – വൈലോപ്പിള്ളി)

"ഒരു സൂര്യനുദിക്കും നിഴലായിട്ടമ്പിളി വളരും
വളരും വനമോടികളാടിത്തെളിയും
വനമൂർച്ഛയിൽ ദു:ഖം തകരും"
(കിരാതവൃത്തം – കടമ്മനിട്ട)

– രണ്ടു കവിതകളിലും പ്രകടമാകുന്നത് പ്രത്യാശയുടെ ചിത്രങ്ങളാണോ ? കവിതകൾ അപഗ്രഥിച്ച് വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.

14. "ഇത് കണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഇക്കണ്ട ത്യാഗമൊക്കെ സഹിച്ചത് ? കഷ്ടം ! അടുക്കളച്ചുവരുകൾക്കുള്ളിൽ കരിയും പുകയും പിടിച്ചു കിടക്കുന്ന പെണ്ണുങ്ങൾക്കുപോലും അറിയാമല്ലോ ഇത്."
– പെൺഗൗളി ഇങ്ങനെ പറയാനുണ്ടായ സാഹചര്യം എന്ത് ? വിശകലനം ചെയ്യുക.

15. "അഗ്നിവർണന്റെ കാലുകൾ" എന്ന നാടകത്തിലെ ആക്ഷേപഹാസ്യാംശം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

16. "കലയുടെ ലോകത്തിൽ കലാമണ്ഡലം ഹൈദരലി നേടിയെടുത്ത ചിരപ്രതിഷ്ഠ 'പദത്തിന്റെ പഥത്തിൽ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

17. പ്രാപഞ്ചിക സത്യം ഈശ്വരനിലധിഷ്ഠിതമാണ് എന്ന് തെളിയിക്കുന്ന പ്രാർത്ഥനയാണോ ദൈവദശകം ? പരിശോധിക്കുക.

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. (സ്കോർ 8 വീതം.) (2×8=16)**

18. സ്ത്രീയവസ്ഥയുടെ വ്യത്യസ്ത ചിത്രമാണോ ശകുന്തള, ശീലാവതി എന്നീ കഥാപാത്രങ്ങളിലൂടെ ലഭിക്കുന്നത് ? 'കണ്ണാടി കാൺവോളവും, 'കൊള്ളിവാക്കല്ലാതൊന്നും' എന്നീ പാഠങ്ങൾ പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.

19. 'അവകാശങ്ങളുടെ പ്രശ്നം' 'പ്രകാശം ജലം പോലെയാണ്' എന്നീ കഥകളിലെ ആവിഷ്കാരരീതികൾ സമാനത പുലർത്തുന്നവയാണോ ? പരിശോധിക്കുക.

20. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ 'കിരാതവൃത്തം' എന്ന കൃതിയിലെ ഒരു മുഖ്യപ്രമേയമാണോ ? പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

Score

**തന്നിരിക്കുന്ന കാവ്യഭാഗം വായിച്ച് 21 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** (4×2=8)

"കൈതപ്പൂമണം മോന്തി
മദിക്കും കാറ്റേ, ചാരു
കൈരവമലരിനെ
നൃത്തമാടിക്കും കാറ്റേ

എതിരേല്ക്കുവാൻ, നിന്നെ
സ്സൽക്കരിക്കുവാനെന്റെ
കുടിലിൻ മുറ്റത്തൊരു
തുളസിച്ചെടിമാത്രം

അറ്റത്തു വിരിയുന്ന
പൂക്കളിൽ മാത്രം മണ –
മിറ്റിച്ചു നിൽക്കുന്നതല്ല,
ടിതൊട്ടറ്റത്തോളം,

തണ്ടിലും തളിരിലും
പാഴിലകളിൽപ്പോലും
തൻ കരൾത്താരിൻ ഗന്ധം
തുള്ളുമ്പിത്തുടിക്കുന്നു !

പാവനമീഗന്ധത്തിൻ –
ഗംഗയിൽ സ്നാനം ചെയ്‌വാൻ
ഈ വഴി, യിന്നല്ലെങ്കി –
ലൊരുനാൾ വരില്ലേ നീ ?

(ഒ. എൻ. വി.)

(മോന്തുക – കുടിക്കുക, കൈരവമലർ- വെള്ള ആമ്പൽപൂവ്)

21. കാറ്റിനെ കവി എങ്ങനെയൊക്കെ വിശേഷിപ്പിച്ചിരിക്കുന്നു ?

22. തുളസിച്ചെടിയുടെ പ്രത്യേകതയായി കവി ചൂണ്ടിക്കാട്ടുന്നത് എന്ത് ?

23. കാറ്റിനോട് കവി ചോദിക്കുന്നതെന്ത് ?

24. തുളസിച്ചെടിയുടെ ഗന്ധം നുകരലിനെ ഗംഗയിൽ സ്നാനം ചെയ്യലായി കവി പറയാൻ കാരണമെന്ത് ?